# ഏകശ്ലോകി

ഗുരുശിഷ്യ സംവാദരൂപത്തിലുള്ള ഒരൊറ്റ ശ്ലോകത്തിലൂടെ ശാശ്വതമായ വേദാന്ത സത്യം നമുക്ക് പകർന്ന് തരുന്ന കൃതിയാണ് ശങ്കരാചാര്യ സ്വാമികളുടെ ഏകശ്ലോകി. ഒരു ശ്ലോകം മുതൽ ആയിരം ശ്ലോകം വരെയുള്ള അനേകം പ്രകരണഗ്രന്ഥങ്ങളിലെല്ലാം ആചാര്യപാദർ പ്രഖ്യാപിക്കുന്നത് ഒന്നു തന്നെ - ബ്രഹ്മസത്യം ജഗന്മിഥ്യാ ജീവോബ്രഹ്മസ്യ നാപരഃ - ബ്രഹ്മം മാത്രമാണ് സത്യം. ഏക ശ്ലോകിയിൽ ചോദ്യോത്തരങ്ങളിലൂടെ ശിഷ്യൻ സ്വയം സത്യത്തെ തിരിച്ചറിയുന്നു.

കിം ജ്യോതിസ്തവ ഭാനുമാനഹനിമേ
രാത്രൗ പ്രദീപാദികം
സ്യാദേവം രവിദീപ ദർശന വിധൗ
കിം ജ്യോതിരാഖ്യാഹിമേ
ചക്ഷുസ്തസ്യനിമീലനാദിസമയേ
കിം ധീർധിയോ ദർശനേ
കിം തത്രാഹ മതോഭവാൻ പരമകം
ജ്യോതിസ്തദസ്മി പ്രഭോ

ഗുരു ചോദിക്കുന്നു. തവ കിം ജ്യോതിഃ - നിനക്ക് എന്താണ് വെളിച്ചം? ശിഷ്യൻ പറയുന്നു: മേ അഹനിഭാനുമാൻ - എനിയ്ക്ക് പകൽ ഭാനുമാൻ(സൂര്യൻ) ആണ് വെളിച്ചം. രാത്രൗ പ്രദീപാദികം - രാത്രിയിൽ വിളക്ക് മുതലായവയാണ് വെളിച്ചം. ശിഷ്യന്റെ മറുപടി കേട്ട് ഗുരു പറയുന്നു. അതിരിക്കട്ടെ. (സ്യാദേവം) സൂര്യൻ, ദീപം എന്നിവയെ ദർശിക്കുവാൻ നിനക്ക് വെളിച്ചമെന്താണ്? എന്നോട് പറയുക. (രവിദീപദർശനവിധൗ കിം ജ്യോതിരാഖ്യാഹിമേ)ശിഷ്യന്റെ മറുപടി -സൂര്യാദികളെ ദർശിക്കുവാൻ കണ്ണാണു(ചക്ഷുഃ) വെളിച്ചം.

ഗുരു വീണ്ടും ചോദിക്കുന്നു. - കണ്ണടച്ചു കഴിഞ്ഞാൽ പിന്നെ വെളിച്ചമെന്താണ്.? (തസ്യ നിമീലനാദി സമയേ കിം?). കണ്ണടച്ചു കഴിഞ്ഞാൽ പിന്നെ ബുദ്ധിയാണ് വെളിച്ചം(ധീഃ) എന്ന് ശിഷ്യൻ അഭിപ്രായപ്പെടുന്നു. ബുദ്ധിയെ കാണുന്നതിന/ദർശിക്കുന്നതിന വെളിച്ചമായിരിക്കുന്നത് എന്താണ് എന്ന് ഗുരു അവസാനം ചോദിക്കുന്നു(ധിയോദർശനേ കിം). ശിഷ്യൻ പറയുന്നു അതിന ഞാൻ തന്നെയാണ് വെളിച്ചം(തത്രാഹം). ഗുരു പറയുന്നു. അതുകൊണ്ട് വെളിച്ചങ്ങളുടെയെല്ലാം വെളിച്ചം(പ്രകാശം) നീ തന്നെയാണ്(അതോ ഭവാൻ പരമകം ജ്യോതിഃ). പരമസത്യത്തെ തിരിച്ചറിഞ്ഞ ശിഷ്യൻ പറയുന്നു - പ്രഭോ അതങ്ങനെ തന്നെ (തദസ്മി പ്രഭോ).

http://www.vaikhari.org